"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജി- 2022-23 സാമ്പത്തിക വർഷം റെസ്യൂം ചെയ്ത തുക തിരികെ അനുവദിച്ച് ഭരണാനുമതിയും റിലീസ് അനുമതിയും നൽകിയ ഉത്തരവ് ഭേദഗതി വരുത്തി പ്രസ്തുത തുകയിൽ നിന്നും 5 ലക്ഷം രൂപ കാഞ്ഞിരോട് കൈത്തറി ഗ്രാമ പദ്ധതിയ്ക്കായി റിലീസ് അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1081/2023/ID തീയതി,തിരുവനന്തപുരം, 19-10-2023

---

പരാമർശം:- 1. 14/06/2023 തീയതിയിലെ സ.ഉ.(സാധാ) നം.571/2023/വ്യവ നമ്പർ സർക്കാർ ഉത്തരവ്

2. കൈത്തറി ഡയറക്ടറുടെ 26/06/2023 തീയതിയിലെ എച്ച്.എൽ/1086/2020-സി4 നമ്പർ നടപടിക്രമം

3. കൈത്തറി ഡയറക്ടറുടെ 16/07/2023 തീയതിയിലെ എച്ച്.എൽ/1086/2020-സി4 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജി (ഐ.ഐ.എച്ച്.റ്റി)യ്ക്ക് 2851-00-103-37(പി) എന്ന ശീർഷകത്തിൽ നിന്നും ചേന്ദമംഗലം കൈത്തറി ഗ്രാമത്തിന്റെയും 2851-00-103-23(പി) എന്ന ശീർഷകത്തിൽ നിന്നും കാഞ്ഞിരോട് കൈത്തറി ഗ്രാമത്തിന്റെയും പദ്ധതി നിർവഹണത്തിനായി അനുവദിച്ച യഥാക്രമം 1,94,19,746 രൂപയും 5,00,000 രൂപയും ചേർത്ത് ആകെ 1,99,19,746/- രൂപ ഐ.ഐ.എച്ച്.റ്റിയുടെ പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും 31/03/2023 തീയതിയിൽ സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായി സർക്കാർ തിരിച്ചെടുക്കുകയും പിന്നീട് പ്രസ്തുത തുക 2023-24 സാമ്പത്തികവർഷത്തിൽ 2851-00-103-37(പി) ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിനായി സൂചന(1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2) രണ്ട് വ്യത്യസ്ഥ പദ്ധതികൾക്കായുള്ള രണ്ട് വ്യത്യസ്ഥ ശീർഷകങ്ങളിൽ നിന്നും ഐ.ഐ.എച്ച്.റ്റിയ്ക്ക് അനുവദിച്ചു നൽകപ്പെട്ട തുക ഒരു ശീർഷകത്തിൽ നിന്നു തന്നെ റിലീസ് ചെയ്തു നൽകുന്നത് രണ്ട് പദ്ധതികളുടെയും നിർവഹ ണത്തെ സാരമായി ബാധിക്കുന്നതാണെന്നും അതിനാൽ സൂചന(1) പ്രകാരം ഐ.ഐ.എച്ച്.റ്റി.യ്ക്ക് തിരികെ അനുവദിച്ചു നൽകിയ 1,99,19,746/- രൂപയിൽ 1,94,19,746/- രൂപ ചേന്ദമംഗലം കൈത്തറി ഗ്രാമം പദ്ധതി നിർവഹണ പ്രവർത്തനങ്ങൾക്കായി മാത്രം വിനിയോഗിക്കുന്നതിന് സൂചന(2) പ്രകാരം ഉത്തരവായിരുന്നുവെന്നും കൈത്തറി ഡയറക്ടർ സൂചന(3) പ്രകാരം റിപ്പോർട്ടു ചെയ്യുകയും ശേഷിക്കുന്ന 5,00,000/- രൂപ കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതിക്കായി 2851-00-103-23(പി) ശീർഷകത്തിൽ അനുവദിച്ചു നൽകണമെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

3) സർക്കാർ ഈ വിഷയം പരിശോധിച്ചു. സൂചന(1) പ്രകാരം 2851-00-103-

37(പി) ശീർഷകത്തിൽ നിന്നും ഐ.ഐ.എച്ച്.റ്റി.യ്ക്ക് റിലീസ് ചെയ്യുന്നതിനായി അനുമതി നൽകിയ 1,99,19,746 രൂപയിൽ നിന്നും റിലീസ് ചെയ്യുവാൻ ബാക്കി നിൽക്കുന്ന 5,00,000/- രൂപ കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട 2851-00-103-23(പി) ശീർഷകത്തിൽ നിന്നും കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതിക്കായി റിലീസ് അനുമതി നൽകിയും അപ്രകാരം സൂചന(1) സർക്കാർ ഉത്തരവിലെ ഖണ്ഡിക(2) ഭേദഗതി വരുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിജ്ഞ ജേക്കബ്

ജോയിന്റ് സെക്രട്ടറി

കൈത്തറി ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജി, കണ്ണൂർ

ചിഫ് എക്സിക്യൂട്ടിവ് ഓഫീസർ, K-Bip, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(G&SSA), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ(ബഡ്ജറ്റ് വിംഗ്) വകുപ്പ്

ധനകാര്യ(ഐ&പി.ഡബ്ല്യു) വകുപ്പ് (E 2442176/I & PW-A3/49/2023-Fin)

വിവര-പൊതുജന സമ്പർക്ക വകുപ്പ്(വെബ് സെറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sreekumar R

സെക്ഷൻ ഓഫീസർ

Date: 19-10-2023 15:18:49